ബസ് സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ പദ്ധതി

95 (1150) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ വാണിജ്യ സേവന ക്ഷമതകൾ പരമാവധി ഉപയോഗിക്കുവാനുതകുന്ന വിധം ബഹുനില ഷോപ്പിംഗ് കോംപ്ലക്സുകളും റിട്ടയറിംഗ് റൂമുകളും പണിയുവാൻ ബാങ്കുകളുമായോ വിവിധ ഏജൻസികളുമായോ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിൽ ഒപ്പിടാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കാമോ ;

(ബി) ആധുനിക ഗതാഗത സൗകര്യത്തിനും സുഖത്തിനുമനുരോധമായി കെ.എസ്.ആർ.ടി.സി.യെ നവീകരിക്കാനുതകുന്ന എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) പലിശരഹിത സെക്യൂരിറ്റി ഡപ്പോസിറ്റുകൾ സ്വീകരിച്ചുകൊണ്ട് സാദ്ധ്യതയുള്ള കേന്ദ്രങ്ങളിൽ ബഹുനില കോമേഴ്സ്യൽ കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കെ.എസ്.ആർ.ടി.സി. ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ "ഹഡ്കോ"യുടെ ധനസഹായത്തോടെ തമ്പാനൂരിൽ വാണിജ്യ- സേവന ക്ഷമതകൾ ഉപയോഗപ്പെടുത്തുവാൻ ഉതകുംവിധം ഒരു ടെർമിനൽ ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) സാമ്പത്തിക ലഭ്യത മെച്ചപ്പെടുത്തുന്നതനുസരിച്ച് കൂടുതൽ സൂപ്പർ ക്ലാസ് ബസ്സുകൾ നിരത്തിലിറക്കുവാൻ പദ്ധതിയുണ്ട്.

കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയിരിക്കുന്ന ഡീസലിന്റേയും പെട്രോളിന്റേയും അളവിൽ കുറവു വരുത്തിയ നടപടി

96 (1151) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ഓയിൽ കമ്പനികൾ നൽകിയിരുന്ന ഡീസലിന്റേയും പെട്രോളിന്റേയും അളവിൽ കുറവു വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം ഈ കുറവ് വരുത്തിയിട്ടുണ്ട് ;

(സി) ഓരോ പ്രാവശ്യവും എത്ര വീതം കുറവ് വരുത്തി ;

(ഡി) ഇപ്രകാരം കുറവു വരുത്താനുള്ള കാരണമെന്ത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ടു(2)തവണ

(സി) ഏകദേശം 10(പത്ത്) ശതമാനത്തോളം കുറവു വരുത്തി.

(ഡി) കുടിശ്ശിക ഉണ്ടായിരുന്നതുകൊണ്ട്.

LIBRARY ARCHIVES Kerala Legislative Assembly